## പ്രസിദ്ധീകരണത്തിന്

കണ്ണൂർ സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്ത കോളേജുകളിലെ പരീക്ഷകൾക്ക് ക്വസ്റ്റ്യൻ ബാങ്ക് സംവിധാനം, ഓൺലൈനായി ചോദ്യ പേപ്പറുകൾ വിതരണം ചെയ്യൽ തുടങ്ങിയവ നടപ്പിലാക്കുന്നതിൻെറ ഭാഗമായി സർവകലാശാലയിലെ ഇൻേറണൽ ക്വാളിറ്റി അഷ്വറൻസ് സെൽ ശിൽപശാലകൾ നടത്തുന്നു. ആദ്യ ഘട്ടത്തിൽ കോളേജുകളിലെ വകുപ്പ് തലവന്മാർക്കും അക്കാദമിക് കൗൺസിലിലെ വിഷയ വിദഗ്ധന്മാർക്കും സർവകലാശാലയിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും വേണ്ടിയാണ് ശിൽപശാലകൾ നടത്തുന്നത്. 2022 മെയ് 7,10 തീയതികളിലാണ് ശിൽപശാലകൾ. ഇത് സംബന്ധിച്ച് എല്ലാ പ്രിൻസിപ്പൽമാർക്കും അക്കാദമിക് കൗൺസിലിലെ വിഷയവിദഗ്ധന്മാർക്കും ഇ-മെയിലുകൾ അയച്ചിട്ടുണ്ട്. മെയ് 7 ന് നടക്കുന്ന ശിൽപശാലയിൽ കണ്ണൂർ ജില്ലയിലെ കോളേജുകളിലെ വകുപ്പ് തലവന്മാരും അക്കാദമിക് കൗൺസിലിലെ വിഷയ വിദഗ്ധരും സർവകലാശാല ഉദ്യോഗസ്ഥരുമാണ് പങ്കെടുക്കേണ്ടത്. മെയ് 10 ലെ ശിൽപശാലയിൽ കാസർഗോഡ് ജില്ലയിലെയും മാനന്തവാടി താലൂക്കിലെയും വകുപ്പ് തലവന്മാരാണ് പങ്കെടുക്കേണ്ടത്. താവക്കര കാമ്പസിലെ ചെറുശ്ശേരി ഓഡിറ്റോറിയത്തിൽ രാവിലെ 10.30 മുതൽ ഉച്ചയ്ക്ക് 1 മണി വരെ ആണ് ശിൽപശാലകൾ നടക്കുന്നത്.

കൂടുതൽ വിവരങ്ങൾക്ക് സർവകലാശാലയിലെ ഇൻേറണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലുമായി ബന്ധപ്പെടുക. **ഫോൺ: 0497 2715174.**

**ഇ മെയിൽ:** soiqac@kannuruniv.ac.in

ഡയറക്ടർ, IQAC